പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4918 26.06.2019-ലെ മറുപടിക്ക്

## ഇലക്ട്രിക് ബസുകൾ

| | ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ഓടിക്കുന്ന ഇലക്ട്രിക് ബസുകൾ ഏത് കമ്പനിയിൽ നിന്നാണ് വാടകയ്ക്കെടുത്തിരിക്കുന്നതെന്നും പ്രതിമാസ വാടക എത്രയെന്നും വ്യക്തമാക്കുമോ; | (എ) | M/s Mahavoyage LLP-യിൽ നിന്നുമാണ് ഇലക്ട്രിക് ബസുകൾ വാടകയ്ക്ക് എടുത്തിരിക്കുന്നത്. വാടക നിശ്ചയിച്ചിരിക്കുന്നത് പ്രതിമാസ കണക്കിലല്ല. വിവിധ കി.മീറ്റർ സ്ലാബുകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായ പ്രതിദിന കി.മീ. നിരക്കിന്റെ അടിസ്ഥാനത്തിലാണ് വാടക നൽകുന്നത്. ഇത് പ്രകാരമുള്ള കി.മീ. സ്ലാബും നിരക്കും ചുവടെ ചേർക്കുന്നു. |
| (ബി) | ഇലക്ട്രിക് ബസുകൾ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സ്വന്തമായി നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (ബി) | നിലവിൽ ഇലക്ട്രിക് ബസുകൾ സ്വന്തമായി നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. |

| പ്രതിദിന കി.മീ. സ്ലാബ് | പ്രതിദിന കി.മീ. നിരക്ക് (GST കൂടാതെ) |
|---|---|
| 125-150 | Rs. 85.50 |
| 151-175 | Rs. 84.96 |
| 176- 200 | Rs. 75.06 |
| 201-225 | Rs. 67.41 |
| 226-250 | Rs. 59.40 |
| 251-275 | Rs. 58.05 |
| 276- 300 | Rs. 53.91 |
| 301- 325 | Rs. 50.67 |
| 326- 350 | Rs. 47.88 |
| 351- 399 | Rs. 46.17 |
| 400 and above | Rs. 43.20 |

| | | | |
|---|---|---|---|
| (സി) | നോൺ എ.സി. ഇലക്ട്രിക് ബസുകൾ സിറ്റി സർവ്വീസിന് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | പരിഗണനയിലുണ്ട്.<br><br>Electric Vehicle Policy യുടെ ഭാഗമായി കൂടുതൽ നോൺ എ.സി. ഇലക്ട്രിക് ബസുകൾ സിറ്റി സർവ്വീസിന് കേന്ദ്ര സർക്കാരിന്റെ Fame-II പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**